**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3595** **27-06-2024 - ൽ മറുപടിയ്ക്ക്**

**ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ആയതിലൂടെ സംസ്ഥാനത്തു കാർഷിക വിളകൾക്ക് മികച്ച ഉല്പാദനവും ഉൽപ്പാദനക്ഷമതയും കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാല ശുപാർശ ചെയ്യുന്ന തെളിയിക്കപ്പെട്ട ശാസ്ത്രീയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിച്ചാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത്.<br><br>മണ്ണ് പരിശോധനയ്ക്കും കൃഷിക്ക് ആവശ്യമായ ഉല്പാദനോപാധികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്ന ലബോറട്ടറികളിൽ ഇവയുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്തി വരുന്നു. മണ്ണ്, വിത്ത്, വളം, ജൈവ/ജീവാണു വളം, രാസ കീടനാശിനി, ജൈവ കീടനാശിനി എന്നിവയുടെ ഗുണ നിലവാര പരിശോധനയ്ക്ക് പ്രത്യേകം ലബോറട്ടറികൾ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>ശാസ്ത്രീയ കൃഷി രീതികളെ കുറിച്ചുള്ള അവബോധം കർഷകരിൽ സൃഷ്ടിക്കുവാനും ഇത്തരത്തിലുള്ള മുറകൾ പ്രോത്സാഹിപ്പിക്കുവാനും പ്രത്യേകം കാർഷിക വിജ്ഞാന വ്യാപന പദ്ധതികൾ (Agricultural Extension Programmes), മാനവ ശേഷി വികസനം എന്നീ പദ്ധതികൾ വഴി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ട്രെയിനിങ്ങുകളിലൂടെയും, പ്രദർശന മേളകളിലൂടെയും കർഷകരിൽ എത്തിക്കുന്നു. മാത്രമല്ല ATMA പോലുള്ള പദ്ധതികളിൽ കർഷകർക്ക് പുതിയ സാങ്കേതിക |

| | | | |
|---|---|---|---|
| | | | **വിദ്യകൾ കണ്ടു മനസ്സിലാക്കുവാൻ പഠന യാത്രകൾ, ഫാം സ്കൂളുകൾ, പ്രദർശന തോട്ടങ്ങൾ എന്നിവ ഒരുക്കുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ കാർഷിക വിവരവും വിനിമയവും പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ അറിവുകൾ കേരള കർഷകൻ പോലുള്ള പ്രസിദ്ധീകരണങ്ങൾ വഴിയും ശ്രവ്യ ദൃശ്യ മാധ്യമങ്ങൾ വഴിയും കർഷകർക്ക് യഥാസമയം പകർന്നു നൽകുന്നുണ്ട്.** |
| (ബി) | ശാസ്ത്രീയ കൃഷി രീതികൾ സംബന്ധിച്ച ലളിതമായ മാർഗരേഖകൾ ലഭ്യമാണോ; പച്ചക്കറി, വാഴ എന്നിവ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനുള്ള ലളിതമായ മാർഗരേഖകൾ ലഭ്യമാക്കാമോ; ഇത്തരം മാർഗരേഖകൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത്തരം ലളിതമായ മാർഗരേഖകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ബി) | ശാസ്ത്രീയ കൃഷി രീതികൾ സംബന്ധിച്ച ലളിതമായ മാർഗ്ഗരേഖകൾ ലഭ്യമാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന ശാസ്ത്രീ**യ** കൃഷി രീതികൾ അടങ്ങിയ ലീഫ്‌ലെറ്റുകൾ, ബ്രോഷറുകൾ, പുസ്തകങ്ങൾ എന്നിവ കർഷകരിലേക്ക് കൃഷി ഭവനുകളും, കൃഷി വകുപ്പിന്റെ വിവിധ പരിശീലന കേന്ദ്രങ്ങളും വഴി കർഷകർക്ക് നൽകി വരുന്നു. ഇവ കൂടാതെ കേരള കർഷകൻ മാസിക, ഞാറ്റുവേല റേഡിയോ പരിപാടി, നൂറുമേനി പരിപാടി, എഫ്.ഐ.ബി. യൂട്യൂബ് ചാനൽ, ഫേസ് ബുക്ക് തുടങ്ങിയ ദൃശ്യ, ശ്രവ്യ, ഓൺലൈൻ മാധ്യമങ്ങളിലൂടെയും പച്ചക്കറി, വാഴ തുടങ്ങിയ വിവിധ വിളകളുടെ ശാസ്ത്രീയ കൃഷി രീതികളുടെ ലളിതമായ മാർഗ്ഗരേഖകളും കർഷകർക്ക് നൽകുന്നുണ്ട്.<br><br>ഇത്തരം മാർഗ്ഗരേഖകളെ പറ്റിയുള്ള അവബോധം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കർഷകർക്കായി നടത്തുന്ന പരിശീലനങ്ങളിലൂടെയും അല്ലാതെയുള്ള യോഗങ്ങളിലൂടെയും, പരിപാടികളിലൂടെയും കൃഷിക്കാർക്ക് ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ